## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.461** — **22.03.2018-ൽ മറുപടിയ്ക്ക്**

**കാരുണ്യ പദ്ധതിയിലൂടെ പൂർണ്ണ സൗജന്യ ചികിത്സ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കാരാട്ട് റസാഖ്<br>,, ഡി.കെ. മുരളി : | | ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ചികിത്സക്കായുള്ള ചെലവ് വർദ്ധിച്ചു വരുകയും അതുവഴി നിരവധി കുടുംബങ്ങൾ ദാരിദ്ര്യത്തിലാവുകയും ചെയ്യുന്ന സ്ഥിതി പരിഹരിക്കാനായി കാരുണ്യ പദ്ധതിയിലൂടെ പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 31 ൽ നിലവിലുള്ള വിവിധ ഇൻഷുറൻസ്, അർദ്ധ ഇൻഷുറൻസ്, ആരോഗ്യ പദ്ധതികളെ സംയോജിപ്പിച്ച് കാൻസർ, പക്ഷാഘാതം, കരൾ, വൃക്കരോഗങ്ങൾ, ട്യൂമർ തുടങ്ങിയ മാരക രോഗങ്ങൾക്കടക്കം സൗജന്യ ചികിത്സാ ഉറപ്പുവരുത്തുന്ന സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച തുടർ നടപടികൾ ചർച്ചയിലാണ്. |
| (ബി) | കാരുണ്യ ചികിത്സ പദ്ധതി സഹായധനമെന്ന രീതിയിൽ നിന്നും ചികിത്സ അവകാശമാക്കിക്കൊണ്ടുള്ള സമഗ്രാരോഗ്യ പദ്ധതി എന്ന രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | കാരുണ്യ സഹായധന പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അവലോകനം നടത്തിയിട്ടുണ്ടോ; പദ്ധതിയിൽ ആവശ്യത്തിന് ഫണ്ട് ലഭ്യമാണോ; അപേക്ഷയിൽ തീരുമാനം എടുക്കാൻ കാല | (സി) | ഉണ്ട്, കാരുണ്യ ചികിത്സാ സഹായ പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 2017-18-ൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും നൽകിയിട്ടുണ്ട്. 2018-19 ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ പദ്ധതിക്കാവശ്യത്തിന് ഫണ്ട് ലഭ്യമാണ്. |

| | | | |
|---|---|---|---|
| | താമസം ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | | കെബിഎഫ് പദ്ധതിയിൽ നിന്നുള്ള ചികിത്സാ സഹായത്തിന് നിഷ്കർഷിച്ചിട്ടുള്ള എല്ലാ രേഖകളും സഹിതമാണ് അപേക്ഷിക്കുന്നതെങ്കിൽ കാലതാമസം കൂടാതെ ചികിത്സാനുമതി നൽകി വരുന്നു. അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സാനുമതി നൽകുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്, സർക്കാർ ആശുപത്രിയിൽ ചികിത്സതേടുന്ന രോഗി സമർപ്പിക്കുന്ന ചികിത്സാ സഹായ അപേക്ഷകൾ ജില്ലാകളക്ടർ ചെയർമാനായ ജില്ലാ തല കമ്മിറ്റി പരിശോധിച്ച് മുൻകൂർ ചികിത്സാ അനുമതിപത്രം അതാത് ആശുപത്രിക്ക് നൽകിവരുന്നു. അക്രെഡിറ്റഡ് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്കും കാലതാമസം കൂടാതെ ചികിത്സാനുമതി നല്കി വരുന്നു. സർക്കാർ ആശുപത്രികളിൽ അടിയന്തിര ഘട്ടങ്ങളിൽ രോഗി ചികിത്സക്കായി കൈയ്യിൽനിന്നും തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ചെലവായ തുകയുടെ ഒറിജിനൽ ബില്ലുകളും ആവശ്യമായ മറ്റു രേഖകളുമടക്കം അപേക്ഷ സമർപ്പിക്കുന്ന പക്ഷം തുക റീഇംബേഴ്സ്മെൻറായി രോഗിക്ക് നേരിട്ട് നല്കിവരുന്നു. |

m usha

സെക്ഷൻ ഓഫീസർ